# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3431** — **22.08.2017-ൽ മറുപടിക്ക്**

## പ്രസംഗവേദിക്ക് സമീപം ബോംബ് പൊട്ടിയ സംഭവത്തിൻമേലുള്ള അന്വേഷണം

| ചോദ്യം<br>ശ്രീ.അനിൽ അക്കര | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 2017 ജനുവരി 26 ന് തലശ്ശേരിയിൽ സി.പി.എം. സംസ്ഥാന സെക്രട്ടറി, ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗവേദിക്ക് സമീപം ബോംബ് പൊട്ടിയ സംഭവത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) തലശ്ശേരിയിൽ സി.പി.എം. സംസ്ഥാന സെക്രട്ടറി ശ്രീ.കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗവേദിയ്ക്ക് സമീപം ബോംബ് പൊട്ടിയ സംഭവവുമായി ബന്ധപ്പെട്ട് ന്യൂമാഹി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 69/17 എന്ന കേസ്, സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതും ടി കേസ്സ് ക്രൈം നമ്പർ 121/CR/HHW-III/KKD/17 ആയി റീ നമ്പർ ചെയ്ത് 06.07.2017 തീയതി മുതൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചുവരുന്നു. ടി കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) എത്രപേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രതികൾ ഏത് രാഷ്ട്രീയ കക്ഷിയിലെ അംഗങ്ങളാണ്; | (ബി) FIR പ്രകാരം ആറുപേരാണ് പ്രതികളായിട്ടുള്ളത്. പ്രതികൾ BJP-RSS പ്രവർത്തകരാണ്. |
| (സി) പ്രതികളിൽ എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും, ഇല്ലെങ്കിൽ എന്തു കൊണ്ടെന്നും വ്യക്തമാക്കാമോ? | (സി) ആരെയും അറസ്റ്റു ചെയ്തിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടന്നു വരുന്നു. |

Deepa

സെക്ഷൻ ഓഫീസർ